# കേരളത്തിലെ നെൽകൃഷി തകർത്തത് ബഹുരാഷ്ട്ര കമ്പനികൾ

അഡ്വ. ആർ.സജു



ഈ കാഴ്ച ഇനിയെത്രനാൾ?

ഫോട്ടോ: എൻ. ഉബൈദ

**ലോ**കത്തിലേറ്റവും കൂടുതൽ നെൽവയലുകൾ നികത്തപ്പെട്ടതും നെൽകൃഷി കുത്തനെ കുറഞ്ഞതും കേരളത്തിൽ ഈ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലുണ്ടായ പ്രധാന സംഭവവികാസങ്ങളിലൊന്നായിരുന്നു നെല്ലിന്റെ വിലയിലുണ്ടായ കുറവും, കൃഷി ചെലവ് വർധിച്ചതും, കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിന്റെ അഭാവവുമാണ് ഇത്തരമൊരവസ്ഥ സംജാതാമായതിനുള്ള കാരണം എന്നാണ് പൊതുവായ ധാരണ. എന്നാൽ കേരളത്തിലെ നെൽകൃഷി കർഷകർ ഉപേക്ഷിക്കാൻ നിർബന്ധിതമായത് ഒരു രാഷ്ട്രന്തര ഗൂഢാലോചനയുടെ ഭാഗമായി ചില അദൃശ്യ ശക്തികളുടെ ഇടപെടൽ മൂലമായിരുന്നു എന്നതാണ് വാസ്തവം .

1960 മുതൽ കേരളം ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ നല്ലൊരു വിപണിയായി ശ്രദ്ധിക്കപ്പെട്ടിരുന്നു. ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യയിൽ സഹോദര സ്ഥാപനങ്ങൾ രൂപികരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ഏറ്റവും വേഗതയിൽ ഉൽപ്പന്നങ്ങൾ വിറ്റഴിഞ്ഞത് കേരളത്തിലായിരുന്നു. വിപണിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഗവേഷണ പഠനങ്ങളും അവർ നടത്തിയിരുന്നു.

കേരളത്തിലെ ചെറുകിട നെൽകൃഷി ശക്തമായ ഉപഭോക്തൃ സംസ്കാരം സൃഷ്ടിച്ച് എടുക്കുന്നതിന് മാർഗ്ഗതടസമാണ് എന്ന് അവർ മനസ്സിലാക്കി നെൽകൃഷി വിപണിയിലേക്ക് പണം (മാർക്കറ്റ് ഫ്ളോ മണി) എത്തിക്കുന്നില്ല എന്നതായിരുന്നു പ്രധാന കാരണം. വിത, കൊയ്ത്ത്, നെല്ല്കുത്ത് തുടങ്ങിയ ജോലികൾക്ക് കൂലിയായി നൽകുന്നതും നെല്ല് തന്നെയായിരുന്നു. സ്ത്രീകളുടെ വീട്ടുജോലികളിൽ കൂടുതൽ സമയവും അപഹരിച്ചിരുന്നത് നെല്ല് അരിയാക്കി മാറ്റുന്ന പ്രക്രിയയായിരുന്നു. നെല്ല് കുത്തിയെടുക്കുന്ന അരിയും നാടൻ കറികളും, അടങ്ങുന്നതായിരുന്നു ഇവിടെ നിലനിന്നിരുന്ന ഭക്ഷണം. ഗ്രാമീണ കർഷക കുടുംബങ്ങളുടെ ജീവിതവും സംസ്കാരവും ആഘോഷങ്ങളുമെല്ലാം നെൽകൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. ഉപഭോക്തൃ സംസ്കാരം കേരളത്തിൽ സൃഷ്ടിക്കുന്നതിനുള്ള ഏക തടസ്സം നെൽകൃഷിയായിരുന്നു.

ശേഷം 5-ാം പേജിൽ

# കേരളത്തിലെ നെൽകൃഷി തകർത്തത് ബഹുരാഷ്ട്ര കമ്പനികൾ

1-ാം പേജ് തുടർച്ച

ഇതിനെ നേരിടുന്നതിനു വേണ്ടി ബഹുമുഖമായ തന്ത്രങ്ങളാണ് ബഹുരാഷ്ട്ര കമ്പനികളുടെ കാർട്ടലുകൾ ഇവിടെ നടപ്പാക്കിയത്. ഒരു വയൽ നികത്തൽ മാഫിയ തന്നെ ഇവിടെ രൂപം കൊണ്ടു. അമേരിക്കയിൽ യൂണിലിവറിന്റെ ഉന്നതാധികാരിയും പിന്നീട് ഹിന്ദുസ്ഥാൻ ലിവറിന്റെ ചെയർമാനുമായി ഇന്ത്യയിൽ എത്തിയ ടി. തോമസ് 1986ൽ നെൽവയലുകൾ നികത്തുന്നതിനു വേണ്ടിയുള്ള പദ്ധതികളുമായി കേരളത്തിൽ എത്തിയിരുന്നു. "ഇൻവെൻഡ് വെച്ചർ ക്യാപിറ്റൽ" എന്ന പേരിൽ ചെറുകിട വ്യവസായികളെ സഹായിക്കാനുള്ള ഒരു കച്ചവട സ്ഥാപനത്തിന്റെ മറവിലായിരുന്നു അദ്ദേഹം പദ്ധതികൾ. ആവിഷ്ക്കരിച്ചത്. കേരളത്തിലെ നെൽകൃഷി ലോകത്തിലെ തന്നെ ഏറ്റവും നഷ്ടമായ കൃഷിയാണ് എന്ന പ്രചാരണത്തിന്റെ പിന്നിലെ ബുദ്ധികേന്ദ്രവും ടി. തോമസ് തന്നെ ആയിരുന്നു. രാഷ്ട്രീയമായി തൊഴിലാളികളെ സ്വാധീനിച്ച് കാർഷികരംഗത്തെ യന്ത്രവൽക്കരണത്തിന് എതിരെ അവരെ ഇളക്കി വിട്ടു. 1980കൾ ധാരാളം കാർഷിക സബ്സിഡികൾ നിലവിൽ വന്ന വർഷമായിരുന്നു. എന്നാൽ നെൽകൃഷിക്ക് പറയത്തക്ക സബ്സിഡികൾ ഒന്നും തന്നെ നല്കിയിരുന്നില്ല. ഇത്തരം നടപടികൾ മൂലം ചുരുങ്ങിയ കാലം കൊണ്ട് നെൽ വയലുകൾ പകുതിയാക്കി കുറക്കാൻ കഴിഞ്ഞു. 1970-71ൽ 8 ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽവയലുകൾ 1980-90 ആയപ്പോഴേക്കും, 5,83,389 ഹെക്ടറായി ചുരുങ്ങി 1995-96 വീണ്ടും 4,71,150 ഹെക്ടറായി.

ചെറുകിട കർഷകർ നെൽകൃഷി ഉപേക്ഷിച്ചപ്പോൾ ഏറ്റവും കൂടുതൽ ലാഭം കൊയ്തതും ഒരു പക്ഷെ ലീവർ തന്നെയായിരിക്കും. രണ്ട് നേരം പല്ല് തേയ്ക്കാൻ ഉമിക്കരി ഉപയോഗിച്ചിരുന്ന മലയാളികൾ ഉമിയുടെ അഭാവം മൂലം പേസ്റ്റ് ഉപയോഗിക്കാൻ നിർബന്ധിതരായി. ടൂത്ത് പേസ്റ്റിന്റെ ഏറ്റവും വലിയ വിപണിയായി കേരളം മാറുകയും ചെയ്തു.

നെൽവയൽ നികത്തുന്നതു മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രത്യാഘാതങ്ങളെ കുറിച്ച് ഹിന്ദുസ്ഥാൻ ലിവർ ഒരു പഠനം നടത്തുകയുണ്ടായി. ലോകത്തിലെ ഏറ്റവും കൂടുതൽ കിണറുകൾ ഉള്ള പ്രദേശമാണ് കേരളം. കേരളത്തിന്റെ ശുദ്ധജല ഉപയോഗം 80% ത്തോളം നിറവേറ്റുന്നത് കിണറുകളിൽ നിന്നാണ്. എന്നാൽ ഭൂഗർഭ ജലത്തിന്റെ ലഭ്യതയുടെ കാര്യത്തിൽ കേരളം മരുപ്രദേശമായ രാജസ്ഥാനേക്കാളും പുറകിലാണ്. കേരളത്തിൽ ഏതു വേനലിലും വറ്റാത്ത കിണറുകൾ ഉണ്ടാകാൻ കാരണം നെൽവയലുകളിൽ ശേഖരിക്കപ്പെടുന്ന വെള്ളം മണ്ണിനടിയിലേക്ക് കിനിഞ്ഞ് ഇറങ്ങുന്നത് മൂലമാണ്. ഇതു കൊണ്ടു തന്നെ നെൽവയലുകൾ നികത്തുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രത്യാഘാതം പ്രകടമാകാതിരിക്കാനുള്ള പദ്ധതികളും അവർ സംഘടിപ്പിച്ചു. ഡാനിഡയും യു.എസ്. എയിസ്, സ്വിസ് എയിഡ് തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളുടെ വലംകൈയായി പ്രവർത്തിക്കുന്ന മൾട്ടി ലാറ്ററൽ സാമ്പത്തിക സഹായ സംഘടനകളെ കൊണ്ട് കേരളത്തിൽ വാട്ടർ ഷെഡ് പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ പിന്നിലും ഈ അന്താരാഷ്ട്ര വയൽ നികത്തൽ മാഫിയ തന്നെയായിരുന്നു. നെൽവയലുകളെ വാഴത്തോട്ടങ്ങളാക്കി മാറ്റുവാനുള്ള ശ്രമത്തിന്റെ ഭാഗമായി വേൾഡ് ബാങ്കിന്റെ ഒരു ബനാന റിസർച്ച് സ്റ്റേഷനും ഇവിടെ ആരംഭിച്ചു.

കാര്യങ്ങൾ ഉദ്ദേശിച്ചിടത്ത് എത്തിക്കാൻ അവർക്ക് കഴിഞ്ഞു. ഇപ്പോൾ അവശേഷിച്ച നെൽവയലുകളെ കൂടി ലക്ഷ്യമിട്ട് ചില അന്താരാഷ്ട്ര കരങ്ങൾ നീങ്ങി വരുന്നുണ്ട്. ലോകത്തിൽ നെല്ലിന്റെ ഉൽപാദനത്തിൽ മുന്നിൽ നിൽക്കുന്നത് ഏഷ്യൻ രാജ്യങ്ങളാണെങ്കിലും ഉൽപാദനക്ഷമതയിൽ ഏറെ പുറകിലാണ്. 1998ലെ ഫാഡ് സ്റ്റേറ്റ്സ് അനുസരിച്ച് ഇന്ത്യയിലെ മൊത്തം നെൽപാടം 42.30 ദശലക്ഷം ഹെക്ടറാണ് ഉൽപാദനം. 122.24 ദശലക്ഷം ടണ്ണും എന്നാൽ അമേരിക്കയിൽ 1.29 ദശലക്ഷം ഹെക്ടറിൽ നിന്നും 8.18 ദശലക്ഷം ടൺ നെല്ല് ഉൽപാദിപ്പിക്കുന്നുണ്ട്. ഏഷ്യൻ രാജ്യങ്ങളിൽ ഉൽപ്പാദനം കുറയുന്നതിനെ കുറിച്ച് ഫിലിപ്പയിൻസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഐ.ആർ.ആർ.ഐ (ഇന്ത്യൻ നാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഒരു പഠനം നടത്തുകയുണ്ടായി. ഇതിന് ആർ.റ്റി.ഡി.പി(റിവേഴ്സിങ് ട്രെൻഡ് ഡിക്ലൈനിങ് പ്രൊഡക്റ്റിവിറ്റി) എന്നാണ് നാമകരണം ചെയ്തിരുന്നത്. ഇന്ത്യയിൽ തമിഴ്നാട്ടിലെയും കേരളത്തിലെയും ജലസേചന സൗകര്യമുള്ള നെൽപ്പാടങ്ങളിൽ ആർ.റ്റി.ഡി.പി വളരെ കൂടുതലാണെന്ന് ഐ.ആർ.ആർ.ഐ കണ്ടെത്തി. ഇതിനെ നേരിടാൻ കേരളത്തിനെയും, തമിഴ്നാടിനെയും ഉദ്ദേശിച്ചുകൊണ്ട് ഒരു പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. 1999 സെപ്തംബർ 2 മുതൽ 10 വരെയുള്ള തിയ്യതികളിൽ തമിഴ്നാട്ടിലെ തഞ്ചാവൂർ കാർഷിക സർവ്വകലാശാലയിൽ ഇതു സംബന്ധിച്ച് ഒരു വർക്ക് ഷോപ്പും നടന്നിരുന്നു. 2000- മാണ്ടിലാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. പദ്ധതിയുടെ പേര് എസ്.എസ്.എൻ.എം (സൈറ്റ് സ്പെസിഫിക് ന്യൂട്രിന്റ് മാനേജ്മെന്റ്) എന്നാണ്. ഈ പദ്ധതിക്ക് വേണ്ടിയുള്ള സാമ്പത്തിക സഹായം നല്കുന്നത് സ്വിസ്സ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ഫ്രാൻസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഫെർട്ടിലൈസർ ഇൻഡസ്ട്രി അസോസിയേഷൻ, ക്യാനഡയിലെ പൊട്ടാഷ് ഏൻഡ് ഫോസ്ഫേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണ്. പ്രൊജക്ടിന്റെ പേരിൽ നിന്നും സ്പോൺസർമാരുടെ സ്വഭാവത്തിൽ നിന്നും ഭീമമായ തോതിൽ രാസവളങ്ങൾ നമ്മുടെ അവശേഷിക്കുന്ന നെൽപ്പാടങ്ങളിൽ കുത്തി നിറക്കുവാനുള്ളതാണ് ഈ പദ്ധതിയെന്ന് മനസ്സിലാകും. വിളവ് വർദ്ധിപ്പിക്കുക എന്ന വ്യാജേന അവശേഷിക്കുന്ന വയലുകളിൽ കൂടി അനിയന്ത്രിതമായി രാസവളങ്ങൾ കുത്തി നിറച്ച് നെൽകൃഷിയെ എന്നെന്നേക്കുമായി നശിപ്പിക്കുന്നതിനുള്ള ഗൂഢപദ്ധതിയാണ് വരാൻ പോകുന്ന ഈ എസ്.എസ്.എൻ.എം പദ്ധതി.

നെൽവയലുകൾ നികത്തുന്നതിനെതിരെ ശബ്ദിച്ചാൽ മനുഷ്യവകാശലംഘനമാണ് എന്ന് മുറവിളി കൂട്ടുന്ന രാഷ്ട്രീയക്കാരും പത്രങ്ങളും കൊടികുത്തി വാഴുന്ന ഇവിടെ നമുക്ക് എന്ത് ചെയ്യനാവുമെന്ന് ഉറച്ചു ചിന്തിച്ച് ഈ പ്രശ്നത്തിന് തടയിടേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.